**പതിനാലാം കേരള നിയമസഭ**
**ഇരുപത്തി രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **14-01-2021 ലെ**
**ചോദ്യം നം. 948** **മറുപടി**

**ജല സംരക്ഷണ പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് മഴക്കാലത്ത് അധികമായി ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിന് ചെക്ക് ഡാമുകളും, റെഗുലേറ്ററുകളും നിർമ്മിക്കുന്ന പദ്ധതി പ്രാർത്തികമാക്കിയിട്ടുണ്ടോ; | (എ) | മഴക്കാലത്ത് സംസ്ഥാനത്ത് അധികമായി ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിന് ചെക്ക് ഡാമുകളും റഗുലേറ്ററുകളും, വെന്റഡ് ക്രോസ് ബാറുകളും നിർമ്മിക്കുന്ന പ്രവൃത്തി ജലസേചന വകുപ്പ് നിർവ്വഹിച്ചു വരുന്നു.<br>പ്രാദേശികമായ സാഹചര്യം അനുസരിച്ച് ജലസംരക്ഷണത്തിനായി തടയണയകൾ കേരള ജല അതോറിറ്റി നിർമ്മിക്കാറുണ്ട്.<br>ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും, സംപോഷണവും' പദ്ധതിയിൽ ഉൾപ്പെടുത്തി മൈക്രോവാട്ടർഷെഡ് അടിസ്ഥാനത്തിൽ ഭൂജലസംരക്ഷണത്തിനായി ചെറിയ തടയണകളുടെ നിർമ്മാണം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.<br>ലോക ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ ജലനിധി പദ്ധതിയിൽ സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയുടെ (ബാക്കിക്കയം) കുറുകെ ചെക്ക് ഡാം കം റഗുലേറ്റർ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ചെറിയ തടയണകൾ (184 എണ്ണം) നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.<br>KIIDC മുഖേന ഇത്തരം 21 പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ 16 റെഗുലേറ്റർ |

| | | | |
|---|---|---|---|
| | | | പദ്ധതികളും 5 നദികൾക്ക് കുറുകെ ബൻധാരകൾ നിർമ്മിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ് ; | (ബി) | ജലവിഭവ സംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടങ്ങൾ. ഇത് കണക്കിലെടുത്ത് നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും പ്രസ്തുത പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളതിനനുസരിച്ച് തടയണകൾ, റഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും കൂടാതെ, നിലവിലുള്ള ജലസേചന നിർമ്മിതികൾ പുനരിദ്ധരിക്കുക, നിർമ്മിതികൾക്കടുത്ത് അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് ജലസംരക്ഷണം സുഗമമാക്കുക തുടങ്ങിയ പദ്ധതികൾ നിർവ്വഹിക്കാൻ കഴിഞ്ഞു. കൂടാതെ, ഡാമുകൾ, വലിയ ജലസംഭരണികളായ ഏരികൾ തുടങ്ങിയവയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഡീസിൽറ്റിംഗ് നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br>കേരള ജല അതോറിറ്റിയിൽ നിന്നുള്ള വിശദാംശങ്ങൾ അനുബന്ധ(2) മായി ചേർക്കുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിന്റെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. ഇടമലയാർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെട്ട ദീർഘകാലമായി മുടങ്ങിക്കിടന്ന ലോ ലെവൽ കനാലിന്റെ ചെ.10599 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള ഭാഗത്തെ (എം.സി റോഡ് ക്രോസിംഗ്) കനാലിന്റെ നിർമ്മാണം 2020 ൽ പൂർത്തീകരിച്ചു.<br>2. പട്ടിശേരി ഡാമിന്റെ പുനർ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>3. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി, |

| | | | |
|---|---|---|---|
| | | | കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളെ ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ച് 2020 ജൂലൈ 10-ാം തീയതി കമ്മീഷൻ ചെയ്തിട്ടുണ്ട്.<br>4. ഇറിഗേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂരിനു കീഴിൽ അഞ്ച് റഗുലേറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിശദാംശങ്ങൾ അനുബന്ധം (3) ആയി ഉള്ളടക്കം ചെയ്യുന്നു.<br>ജലദൗർലഭ്യം മുന്നിൽ കണ്ടുകൊണ്ട് ഉള്ള ജലം പരമാവധി കൃഷി സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും കനാലിലൂടെയുള്ള ജലനിർഗ്ഗമനം കാര്യക്ഷമമാക്കുന്നതിനുമായി ടി കാര്യാലയത്തിനു കിഴിലുള്ള വിവിധ ജലസേചന പദ്ധതികളുടെ കനാലുകളിൽ എല്ലാ വർഷവും അറ്റകുറ്റ പ്രവൃത്തിക്കായി വകയിരുത്തുന്ന ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ കാര്യാലയത്തിൻ കീഴിൽ കനാൽ അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്.<br>ഭൂജലവകുപ്പ് 2019-20 സാമ്പത്തിക വർഷം 5 ചെറിയ തടയണകൾ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ നടപ്പിലാക്കുന്നതിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>KIIDC മുഖേന 7 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു, പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദ വിവരങ്ങൾ അനുബന്ധം (4) ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു |
| ( സി ) | ഐ.ഡി.ആർ.ബി.യുടെ കീഴിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ? വിശദാംശം നൽകുമോ; | (സി ) | ചീഫ് എഞ്ചിനീയർ (ഐ ഡി ആർ ബി)കാര്യാലയത്തിൽ ജലസേചനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ രൂപകൽപ്പനയാണ് ചെയ്തുവരുന്നത്. പദ്ധതികളുടെ ആവശ്യകതയും മുൻഗണനയും കണക്കിലെടുത്ത് ഇവ പൂർത്തീകരിച്ച് നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 24 പ്രവർത്തികളുടെ |

| | | | |
|---|---|---|---|
| | | | ഡിസൈൻ ഐ.ഡി.ആർ.ബി. പൂർത്തിയാക്കി നൽകിയിട്ടുണ്ട്. |
| ( ഡി ) | വെള്ളപ്പൊക്കം തടയുന്നതിന് പുതുതായി ഡാമുകൾ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി ) | ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 1) കാര്യാലയത്തിനു കീഴിൽ നിർമ്മിക്കുവാനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളായ പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി (SAKKP), ഭവാനി ല്ല ബേസിനിൽ അട്ടപ്പാടി ജലസേചന പദ്ധതി, വയനാട് ജില്ലയിലെ കബനി ബേസിനിൽ കടമാൻ തോട് പദ്ധതി എന്നിവയ്ക്കായുള്ള അണക്കെട്ടുകൾ പ്രളയം നിയന്ത്രിക്കുന്നതിന് കൂടി ഉദ്ദേശിച്ചിട്ടുള്ളവയാണ്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്നതിനായി M/s TATA Consulting Engineers Limited, Matulya Centre, Senapati Bapat Marg, Mumbai എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർവ്വേ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു അട്ടപ്പാടി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്രജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. |
| ( ഇ ) | എവിടെയൊക്കെയാണ് പുതിയതായി ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്? | ( ഇ ) | 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയത്തെ സംബന്ധിച്ച് കേന്ദ്ര ഏജൻസിയായ ക്രേന്ദ്ര ജല കമ്മീഷൻ ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിൽ പമ്പ, പെരിയാർ, അച്ചൻകോവിൽ ബേസിനുകളിൽ പ്രളയ നിയന്ത്രണത്തിനും മറ്റാവശ്യങ്ങൾക്കുമായി മൾട്ടിപർപ്പസ് ഡാമുകൾ നടപ്പിലാക്കാനുള്ള സാധ്യതകൾ വിശകലനം ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ജലവിഭവ വകുപ്പ് പെരിയാർ, മണിമല,മീനച്ചിൽ, ചാലിയാർ, ചാലക്കുടി എന്നീ നദികളിൽ പ്രളയ നിയന്ത്രിത ഡാമുകളുടെ സാധ്യതാപഠനം വിശകലനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## SUMMARY OF GWR ACTIVITES (CHECK DAMS) IN JALANIDHI PHASE II AS ON 31-12-2020

| S.no. | District | Name of the Grama Panchayath | Check Dam |
|---|---|---|---|
| | | **Regional Project Management Unit (RPMU)-IDUKKI BATCH -1** | |
| 1 | Kottayam | Mutholi | 1 |
| 2 | Thiruvananthapuram | Manikkal | 3 |
| | | Sub Total RPMU-Idukki Batch 1 | 4 |
| | | **RPMU-IDUKKI BATCH -2** | |
| 1 | Kottayam | Kooroppada | 2 |
| 2 | | Meenachil | 4 |
| 3 | | Parathodu | 4 |
| 4 | | Bharanamganam | 8 |
| 5 | | Thalappalam | 6 |
| 6 | | Maramgattupally | 1 |
| 7 | | Thidanad | 6 |
| 8 | | Karur | 1 |
| 1 | Idukki | Adimali | 4 |
| 2 | | Kanthaloor | 2 |
| 3 | | Vannappuram | 2 |
| 4 | | Bisonvalley | 4 |
| 5 | | Vathikudy | 4 |
| 6 | | Marayoor | 6 |
| 7 | | Arakkulam | 6 |
| | | Sub Total RPMU-Idukki Batch 2 | 60 |
| | | **RPMU-IDUKKI BATCH -3** | |
| 1 | Kottayam | Teekoy | 2 |
| 2 | | Madappally | 1 |
| 3 | | Kozhuvanal | 1 |
| 1 | Idukki | Rajakkad | 1 |
| 2 | | Nedukandam | 1 |
| | | Sub Total RPMU-Idukki Batch 3 | 6 |
| | | GRAND Total RPMU-Idukki Batch 1 + 2 + 3 | 70 |
| | | **RPMU-MALAPPURAM BATCH -1** | |
| 1 | Malappuram | Karuvarakundu (Irrig.) | 4 |
| | | Sub Total RPMU-Malappuram Batch 1 | 4 |
| **S.no.** | **District** | **Name of the Grama Panchayath** | **Check Dam** |
| | | **RPMU-MALAPPURAM BATCH -2** | |
| 1 | Malappuram | Edapatta | 2 |
| 2 | | Melattur | |
| 3 | | Parappur | |
| 4 | | Chokkad | 1 |
| 5 | | Perumanna Klari (Irrig. Regulator) Electrification | 1 |
| 1 | Kozhikode | Keezhariyur | 1 |
| 2 | | Maniyur | 2 |

| | | | |
|---|---|---|---|
| Sub Total RPMU-Malappuram Batch 2 | | | 7 |
| RPMU-MALAPPURAM BATCH -3 | | | |
| 1 | | Naduvannur | 2 |
| Sub Total RPMU-Malappuram Batch 3 | | | 2 |
| GRAND TOTAL RPMU-Malappuram Batch 1+2+ 3 | | | 13 |
| RPMU-KANNUR BATCH -1 | | | |
| 1 | | Pullur Periya | 1 |
| | | Pullur Periya (Irrig) | 1 |
| Sub Total RPMU-Kannur Batch 1 | | | 2 |
| RPMU-KANNUR BATCH -2 | | | |
| 1 | Kannur | Alakode | 8 |
| | | Alakode (Irrig) | 1 |
| 2 | | Munderi | 7 |
| 3 | | Aralam | 6 |
| 4 | | Cherupuzha | 7 |
| 5 | | Kadirur | 1 |
| 6 | | Kunnothuparamba | 7 |
| 7 | | Kolayad | 4 |
| 8 | | Kuttiyattoor | 2 |
| 1 | Kasargode | Balal | 12 |
| 2 | | Delampadi | 2 |
| 3 | | Belloor (Irrig) | 1 |
| S.no. | District | Name of the Grama Panchayath | Check Dam |
| 1 | Wayanad | Edavaka | 1 |
| 2 | | Kottathara | 1 |
| 3 | | Panamaram | 1 |
| 4 | | Poothadi | 4 |
| 5 | | Thavinjal | 3 |
| 6 | | Thondernad | 7 |
| 7 | | Pozhuthana | 3 |
| 8 | | Pulpally | 4 |
| 9 | | Vellamunda | 4 |
| Sub Total RPMU-Kannur Batch 2 | | | 86 |
| RPMU-KANNUR BATCH -3 | | | |
| | Kasargode | Kinanoor Karindalam | 9 |
| | | Meenja | 5 |
| Sub Total RPMU-Kannur Batch 3 | | | 14 |
| GRAND TOTAL RPMU-Kannur Batch 1 +2 + 3 | | | 102 |
| GRAND TOTAL RPMU-Idukki Batch 1 + 2 + 3 | | | 70 |
| GRAND TOTAL RPMU-Malappuram Batch 1+2+ 3 | | | 13 |
| GRAND TOTAL RPMU-Kannur Batch 1 +2 + 3 | | | 102 |
| GRAND TOTAL RPMU-Idukki Malappuram Kannur Batch 1 + 2 + 3 | | | 185 |

അനുബന്ധം 2

**അനുബന്ധം 2**

നിലവിൽ ഉള്ളതും നടപ്പാക്കിവരുന്നതുമായുള്ള പദ്ധതിയുടെ(തടയണ / ചെക്ക്ഡാം) വിശദാംശങ്ങൾ

1. കിഫ്ബി 2016 - 17 പദ്ധതിയിലുൾപ്പെടുത്തി ഷൊർണ്ണൂർ മുൻസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി ഭാരതപ്പുഴയിൽ ചെറുതുരുത്തിയിൽ തടയണ നിർമിച്ച

2. നേവൽ അക്കാദമിക്കും കയ്യൂർ-ചീമേനി കുടിവെള്ള പദ്ധതികൾക്കും വേണ്ടി കാര്യങ്കോട് പുഴക്ക് കുറുകെയുള്ള തടയണയുടെ നിർമ്മാ ണം പുരോഗമിക്കുന്നു

3. കാസർകോട് ജില്ലയിലെ ബേളൂർ കുടിവെള്ള പദ്ധതിക്ക് വേണ്ടി രാജൻ കടവ് കരിച്ചേരി പുഴയ്ക്ക് കുറുകെ തടയണ നിർമ്മാണം പൂർത്തിയാക്കി.

4. വെസ്റ്റ് എളേരി കുടിവെള്ള പദ്ധതിക്ക വേണ്ടി മാക്കോട് പുഴക്ക് കുറുകെ തടയണ നിർമ്മാണം പൂർത്തിയാക്കി.

5. കാസർഗോഡ് ജില്ലയിലെ എൻമകജെ കുടിവെള്ള പദ്ധതിക്ക് വേണ്ടി ബദിയഡുക്കയിൽ പെരിയ പുഴക്ക കുറുകെ തടയണ നിർമ്മാണം പുരോഗമിക്കുന്നു.

6. കാസർഗോഡ് ജില്ലയിലെ വോർക്കാടി കുടിവെള്ള പദ്ധതിക്ക് വേണ്ടി ആനക്കൽ എന്ന സ്ഥലത്ത് ഉപ്പള പുഴക്ക് കുറുകെ തടയണ നിർമ്മിച്ചിട്ടുണ്ട്.

7. കാസർഗോഡ് ജില്ലയിലെ ഉപ്പള കുടിവെള്ള പദ്ധതിക്ക് വേണ്ടി കോടംകൈ എന്ന സ്ഥലത്ത് ഉപ്പള പുഴക്ക് കുറുകെ തടയണം നിർമ്മിച്ചിട്ടുണ്ട്.

8. കാസർഗോഡ് ജില്ലയിലെ ബദിയടുക്ക നീർച്ചാൽ കുടിവെള്ള പദ്ധതിക്ക് വേണ്ടി പള്ളത്തടുക്ക എന്ന സ്ഥലത്ത് ഷിറിയ പുഴയ്ക്ക് കുറുകെ തടയണ നിർമ്മിച്ചിട്ടുണ്ട്

9. കാസർഗോഡ് ജില്ലയിലെ ബി ആർ ടി സി കുടിവെള്ള പദ്ധതിക്ക് വേണ്ടി കായക്കുന്ന് എന്ന സ്ഥലത്ത് കാരിച്ചേരി പുഴക്ക് കുറുകെ തടയണ നിർമ്മിച്ചിട്ടുണ്ട്

10. പേരാവൂരിനും അനുബന്ധവില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി ജമ്പ്യാർ കടവ് എന്ന സ്ഥലത്ത് തടയണ വിഭാവനം ചെയ്തിട്ടുണ്ട്.

11. ഇത്തിപ്പുഴയിൽ കിഫ്ബി രാമഞ്ചാടി പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥിരം തടയണ നിർമ്മിക്കാൻ പദ്ധതിയുണ്ട്.

12. മൂവാറ്റുപുഴ ആറിനു കുറുകെ വാട്ടർ അതോറിറ്റിയുടെ രാമംഗലം പമ്പ് ഹൗസിനു താഴെയായി സ്ഥിരം തടയണ ഇറിഗേഷൻ വകുപ്പാണ് നിർമ്മിക്കുന്നത്. ടി പ്രവർത്തിയുടെ 100 ശതമാനം ജോലികളും പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഫലമായി പുഴയിൽ ജലനിരപ്പ് ആവശ്യമായ നിലയിൽ ഉയർന്നിട്ടുണ്ട്. ഇതുമൂലം മഴക്കാലത്ത് അധികമായി ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിന് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

13. മുടാക്കൽ പദ്ധതിക്കായി ചെക്ക് ഡാം പണിയുന്നതിന് 10 കോടി രൂപ കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്.

കൂടാതെ കണ്ണൂർ ജില്ലയിലെ കണ്ണൂർ കുടിവെള്ള പദ്ധതി, കൊളച്ചേരി കുടിവെള്ള പദ്ധതി, പേരളശ്ശേരി കും സമീപപ്രദേശങ്ങൾ ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി, ഇരിക്കൂർ കുടിവെള്ള പദ്ധതി, ജി ക്കാ പട്ടുവം കുടിവെള്ള പദ്ധതി, തളിപ്പറമ്പ് കുടിവെള്ളപദ്ധതി എന്നീ പദ്ധതികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി ബാരേജ് സ്രോതസ്സായി ഉപയോഗിക്കുന്നു. തലശ്ശേരി കുടിവെള്ള പദ്ധതിക്കായി അഞ്ചരക്കണ്ടി പുഴയിൽ കീഴാറ്റൂരിൽ തടയണ നിലവിലുണ്ട്. പാനൂർ, മൊകേരി, പന്ന്യന്നൂർ എന്നീ കുടിവെള്ള പദ്ധതിക്കായി പാത്തി പാലത്ത് തടയണ നിലവിലുണ്ട്.

Annexure III

- ചീരക്കുഴി, ഏനമാക്കൽ, ഇല്ലിക്കൽ, ഇടിയഞ്ചിറ, കൊറ്റംകോട്ടുവളവ്, കുത്തുമാക്കൽ, മാഞ്ഞാംകുഴി, തൃപ്പൂർ എന്നീ റെഗുലേറ്ററുകളുടെ പുനർ നിർമ്മാണത്തിനായി RKI പദ്ധതിയിൽ ഉൾപ്പെടുത്തി 2816.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും പ്രവൃത്തികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.
- ചിമ്മിനി ഡാം പ്രോജക്ടിന്റെ stilling ബേസിന്റെ റെക്റ്റിഫിക്കേഷൻ പ്രവർത്തികൾ RKI പദ്ധതിയിൽ ഉൾപ്പെടുത്തി 173 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടു്.
- കരുവന്നൂർ പുഴയിൽ മുനയം റെഗുലേറ്ററിനുവേി 24 കോടി രൂപ നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു്.
- പുതുക്കാട് പഞ്ചായത്തിലെ കുുകടവിൽ കുറുമാലിപുഴയ്ക്ക് കുറുകെ കാനത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിനുവേി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 22 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച് പ്രവൃത്തി നടത്തുന്നതിനുവേി KIIDC എന്ന ഏജൻസിക്കു കൈമാറിയിട്ടു്.

14/1/21

സെക്ഷൻ ഓഫീസർ

Q No 948
ANNEXURE IV

| KIIDC - WRD PROJECTS | | | | |
|---|---|---|---|---|
| **Sl. No.** | **Project Name** | **District** | **Agreed Amount / Project Outlay** | **Remarks** |
| **RCB PROJECTS** | | | | |
| 1 | Construction of RCB across Kuppam river at Kooveri Kattampally in Chapparappadavu Panchayat in Kannur District | Kannur | 18.58 | Ongoing |
| 2 | Construction of Regulator at Puzhankavu across Kadalundi River in Manjeri Muncipality in Malappuram District. | Malappuram | 9.79 | Ongoing |
| 3 | Construction of RCB upstream of Perincheri kadavu across Kuttiady river (Gulikapuzha) in Kozhikode District. | Kozhikode | 61.13 | Ongoing |
| 4 | Construction of RCB across Thootha River at Keezhumurikkadavu - Mothikkayam in Moorkkanad Panchayat of Malappuram District in Mankada LAC | Malappuram | 59.76 | Ongoing |
| 5 | Construction of a regulator cum bridge across Chittoor puzha at Vadakarapalli, Palathully in Perumvemba and Polpully Grama Panchayath in Palakkad District | Palakkad | 19.84 | Agreement executed |
| 6 | Construction of Regulator with lock across Konothupuzha at Puthenkavu in Udayamperoor Panchayat in Ernakulam District | Ernakulam | 25.76 | Agreement executed |
| 7 | Construction of Regulator with Lock across Anjarakandy River at Parapram in Pinarai Panchayat, Kannur District | Kannur | 46.37 | Ongoing |
| **Total** | | | **241.23** | **Crores** |

ബൈജു ബി.വിജയൻ